3.	തൃശ്ശൂർ	-	25
4.	കോഴിക്കോട്	-	17
5.	കണ്ണൂർ	-	5

35 (591) കെ.എസ്.ഐ.ഇ. രൂപവൽക്കരണം

ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. എ.കെ. മണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോൾഡിംഗ് കമ്പനിയായ കെ.എസ്.ഐ.ഇ. രൂപവൽക്കരിച്ചത് എന്തുദ്ദേശത്തോടുകൂടിയായിരുന്നു;

(ബി) ഈ കമ്പനിയുടെ കീഴിൽ കൊണ്ടുവന്നിരുന്ന ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തെ 1999-ൽ അതിൽ നിന്ന് വേർപെടുത്തിയതായി അറിവുണ്ടോ;

(സി) എങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കുമോ;

(ഡി) ഇപ്രകാരം വേർപെടുത്തപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങൾ സ്വയം പ്രാപ്തമാക്കുന്നതിനുള്ള കരുത്താർജ്ജിച്ചിട്ടുണ്ട് എന്ന് പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 1973-ൽ ആണ് കെ.എസ്.ഐ.ഇ. രൂപവൽക്കരിച്ചത്. ചെറിയ ഗവൺമെന്റ് കമ്പനികളുടെ പ്രവർത്തനം നിരീക്ഷിച്ച് അവയ്ക്ക് വഹിക്കുവാൻ പറ്റുന്ന തരത്തിലുള്ള ഉയർന്ന നിലവാരത്തിലുള്ള മാനേജ്മെന്റ് നൽകുന്നതിലൂടെ അവയുടെ ഉല്പാദനക്ഷമത കൂട്ടുക, ആവശ്യത്തിനുള്ള ധനസമ്പാദന മാർഗ്ഗങ്ങൾ കണ്ടെത്തുക, പ്രവർത്തന പുരോഗതി കൈവരിച്ച് ലാഭമുണ്ടാക്കുക, അങ്ങനെ സംസ്ഥാനത്തിന്റെ പുരോഗതിയിൽ പങ്കാളിയാകുന്നതിന് സർക്കാർ സ്ഥാപനങ്ങളെ സജ്ജീകരിക്കുക, ഈ ഉദ്ദേശത്തോടുകൂടിയാണ് ഹോൾഡിംഗ് കമ്പനിയായ കെ.എസ്.ഐ.ഇ. സ്ഥാപിച്ചത്.

(ബി) ഈ കമ്പനിയുടെ കീഴിലുണ്ടായിരുന്ന അഞ്ച് ഘടക കമ്പനികളേയും വേർപെടുത്തി സ്വതന്ത്ര സ്ഥാപനങ്ങളാക്കി.

(സി) കമ്പനികൾ സ്വതന്ത്ര യൂണിറ്റാകുന്നതോടുകൂടി കൂടുതൽ പ്രവർത്തനസ്വാതന്ത്ര്യവും പുരോഗതിയും കൈവരിക്കുവാൻ സാധിക്കും എന്നുള്ള അഭിപ്രായമാണ് സ്വതന്ത്രമാക്കുവാനുണ്ടായ കാരണം.

(ഡി) ഹോൾഡിംഗ് കമ്പനിയിൽനിന്നും വിഘടിപ്പിച്ച കമ്പനികൾ നവീകരിക്കുന്നതിനും പുഷ്ടിപ്പെടുത്തുന്നതിനുമുള്ള പല നിർദ്ദേശങ്ങളും പരിഗണിച്ചു നടപ്പാക്കിവരുന്നു. രണ്ട് കമ്പനികൾ യു.എൻ.ഡി.പി.യിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം നടത്തിവരുന്നു.

36 (592) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിലെ ഉല്പാദനം

ശ്രീ. ജോർജ് ജെ. മാത്യു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ഓരോയിനത്തിലുംപെട്ട എന്തു തുകയ്ക്കുള്ള മരുന്നുകൾ ഉല്പാദിപ്പിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ എന്തു തുകയ്ക്കുള്ള മരുന്നുകൾ സംസ്ഥാന ആരോഗ്യ വകുപ്പു വാങ്ങി;

(സി) ആരോഗ്യവകുപ്പ് മരുന്നു വാങ്ങിയ ഇനത്തിൽ എന്തു തുക കെ.എസ്.ഡി.പി.ക്ക് നൽകാനുണ്ട്?

ഉത്തരം

(എ)&(ബി) വിശദ വിവരങ്ങൾ അനുബന്ധമായി വച്ചിട്ടുണ്ട്.†

(സി) ആരോഗ്യവകുപ്പ് കെ.എസ്.ഡി.പി.യിൽ നിന്നും മരുന്നു വാങ്ങിയ ഇനത്തിൽ 2,38,77,478 രൂപ (രണ്ടുകോടി മുപ്പത്തിയെട്ടുലക്ഷത്തി എഴുപത്തി ഏഴായിരത്തി നാന്നൂറ്റി എഴുപത്തിയെട്ടു രൂപ) നൽകാനുണ്ട്.

37 (593) കേരള ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിന് ലഭിച്ച ഓർഡർ മറിച്ചു നൽകിയതായ സംഭവം.

ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. സി. മൊയിൻകുട്ടി :

ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിന് ലഭിച്ച 36 ലക്ഷം രൂപയുടെ ഓർഡർ സ്വകാര്യ കമ്പനിക്ക് മറിച്ചു നൽകിയതായ സംഭവത്തെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ;

(ബി) ഓർഡർ നൽകിയ സ്ഥാപനം ഏതാണ്;

(സി) ഏത് സ്ഥാപനത്തിനാണ് ഓർഡർ കൈമാറിയത്;

(ഡി) എത്രരൂപയുടെ ഓർഡർ ആണ് കൈമാറിയിരിക്കുന്നത്;

(ഇ) സ്ഥാപനത്തിൽ ഉല്പാദിപ്പിക്കുവാൻ സാധിക്കുന്ന മരുന്നിന് ലഭിച്ച ഓർഡർ മറ്റു കമ്പനികൾക്ക് കൈമാറിയതിന്റെ കാരണം വ്യക്തമാക്കുമോ;

(എഫ്) മോശപ്പെട്ട മരുന്നുകൾ നൽകിയ കാരണത്താൽ പ്രോസിക്യൂഷൻ നടപടിക്ക് വിധേയമായ കമ്പനിക്ക് ഓർഡർ നൽകരുതെന്ന് കമ്പനിയുടെ ഡയറക്ടർ ബോർഡ് തീരുമാനിച്ചിരുന്നുവോ; എങ്കിൽ ഇതിന് എതിരായി പ്രവർത്തിക്കുവാൻ ഉണ്ടായ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിനു ലഭിച്ച ഓർഡർ സ്വകാര്യകമ്പനിക്ക് മറിച്ചുനൽകിയില്ല.

(ബി) ഹോസ്പിറ്റൽ സർവ്വീസസ് കൺസൾട്ടൻസി കോർപ്പറേഷൻ (ഇൻഡ്യാ) ലിമിറ്റഡ്. നോയിഡാ, ഉത്തർപ്രദേശ്

(സി)-(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ഇക്കാര്യത്തിൽ കമ്പനിയുടെ ഡയറക്ടർ ബോർഡ് തീരുമാനമൊന്നും എടുത്തിരുന്നില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly